(36) കൊച്ചിൻ ബാങ്കിലെ നിക്ഷേപകരുടെ ബുദ്ധിമുട്ടുകൾ

ശ്രീ. വി. കെ. രാജൻ : സർ, കേരളത്തിലുടനീളവും കേരളത്തിനു പുറത്തുള്ള നഗരങ്ങളിലുമായി 108 ശാഖകളോടുകൂടി ആയിരക്കണക്കിന് ജീവനക്കാരുമായി പ്രവർത്തിച്ചിരുന്ന കൊച്ചിൻ ബാങ്കിൽ മാസങ്ങൾക്കുമുമ്പ് റിസർവ്വ് ബാങ്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. ചെറുകിട തൊഴിലാളികളും കർഷകരും സാമൂഹ്യ സേവന രംഗത്ത് പ്രവർത്തിക്കുന്നവരും പ്രത്യേസ്ഥാപനങ്ങളുൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങളും അവരുടെ നിക്ഷേപങ്ങളും ഈ ബാങ്കിലാണ് നിക്ഷേപിച്ചിരിക്കുന്നത്. കൊച്ചിൻ ബാങ്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായി ലയിപ്പിക്കുമെന്നു പറഞ്ഞുവെങ്കിലും മാസം മൂന്നു കഴിഞ്ഞിട്ടും യാതൊരു വിവരവും നിക്ഷേപകർക്കോ ജീവനക്കാർക്കോ ലഭിച്ചിട്ടില്ല. ബാങ്കിൽ നിക്ഷേപിച്ച പണത്തിൽ 70 ശതമാനമേ നിക്ഷേപകർക്ക് തിരിച്ചു നൽകുകയുള്ളു എന്ന സംഭ്രമജനകമായ വാർത്തയും പരന്നിട്ടുണ്ട്. റിസർവ്വ് ബാങ്ക് പ്രതിനിധിയും കൊച്ചിൻ ബാങ്കിന്റെ ഡയറക്ടർ ബോർഡിലുണ്ടായിരുന്നു. അദ്ദേഹം ഉൾക്കൊണ്ട ഡയറക്ടർ ബോർഡ് അഴിമതി കാണിച്ചു എന്ന കാരണത്താലാണ് മോറട്ടോറിയം പ്രഖ്യാപിച്ചത്. അല്ലാതെ ഇതൊന്നും അറിയാത്ത ചില്ലിക്കാശുകൾ നിക്ഷേപിച്ച പാവപ്പെട്ട നിക്ഷേപകരല്ല ഇതിനുത്തരവാദികൾ. ഈ കാര്യത്തിൽ റിസർവ് ബാങ്കിന്റെ നിലപാട് ഇനിയും വ്യക്തമാക്കിയിട്ടില്ല. നിക്ഷേപകർക്ക് എപ്പോൾ പണം തിരിച്ചു കിട്ടും ? ജീവനക്കാരുടെ സ്ഥിതി എന്താണ് ? കുറ്റക്കാരായവരെ രക്ഷിക്കാൻ ശക്തരായവർ രംഗത്തുണ്ട്. അവർ രക്ഷപ്പെടും. നിക്ഷേപകർക്കും ജീവനക്കാർക്കും പരിരക്ഷ കിട്ടുവാൻ മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ സാദ്ധ്യത കുറവാണ്. ഗവൺമെന്റ് അടിയന്തിരമായി ഇക്കാര്യത്തിൽ ഇടപെടണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ബാങ്കിംഗിനെ സംബന്ധിച്ച് നിയമസഭയിൽ ചർച്ച ആകരുതെന്നാണ് ഭരണഘടനാവ്യവസ്ഥയെങ്കിലും അങ്ങ് ഇത് ഉന്നയിക്കാൻ അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ഭരണഘടനാപരമായ ബാധ്യത വ്യത്യസ്തമാണെങ്കിൽപോലും ബഹുമാനപ്പെട്ട മെമ്പറുടെ അറിവിനുവേണ്ടി പറയുകയാണ്.

മി. സ്പീക്കർ : പൊതുതാൽപ്പര്യമുള്ള കാര്യമാണ്. പറയാവുന്നതാണെങ്കിൽ പറയാവുന്നതാണ്.

ശ്രീ. കെ. കരുണാകരൻ : കൊച്ചിൻബാങ്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ലയിപ്പിക്കാനുള്ള തീരുമാനമെടുത്തത് പത്രത്തിൽകൂടി ബഹുമാനപ്പെട്ട മെമ്പർ വായിച്ചിരിക്കും. ഞാൻ ഇന്നലെ ധനകാര്യമന്ത്രിയുമായി ഇതുസംബന്ധിച്ച് സംസാരിച്ചപ്പോൾ ഒരു മാസത്തിനകം അതിന്റെ മറ്റു നടപടികൾ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഏതായാലുംശരി നിക്ഷേപകരെ സംബന്ധിച്ചിടത്തോളം ഒരിക്കലും അവർക്ക് ഒരു ദോഷവും ബാധിക്കാത്ത രീതിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന് ധനകാര്യമന്ത്രിയെകണ്ട് നിവേദനം നടത്തിയപ്പോൾ അദ്ദേഹംതന്നെ പറഞ്ഞിട്ടുള്ളതാണ്.

(37) കരിന്തിരി കോസ്വേയുടെ അപകടാവസ്ഥ

ശ്രീ. കെ. കെ. തോമസ് : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പി. ഡി. റോഡിൽ പെരിയാർ നദിക്ക് കുറുകെയുള്ള കരിന്തിരി കോസ്വേ ഇന്ന് അപകടസ്ഥിതിയിലാണ്. മുല്ലപ്പെരിയാർ ജലസംഭരണിയിൽ ജല നിരപ്പ് കുറച്ചിരിക്കുന്നതുകാരണം എല്ലാ വർഷങ്ങളിലും വെള്ളപ്പൊക്കമുണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

കാറുണ്ട്. പുതിയ പാലം പണിയുന്നതിനുള്ള എസ്റ്റിമേറ്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്. പുതിയ പാലം പണിയാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : സർ, പി. ഡി. റോഡിലെ പെരിയാർ നദിക്ക് കുറുകെ കരിന്തിരിക്കോസ്വേ ഇപ്പോൾ നിലവിലുണ്ട്. അവിടെ പുതിയ പാലം പണിയാനുള്ള പ്രൊപ്പോസൽ ഇല്ല. കോസ്വേക്ക് കേടുവന്നിട്ടുണ്ട്. അത് പുനർ നിർമ്മിക്കാനുള്ള പരിപാടിയുണ്ട്. അതിന് 17 ലക്ഷത്തിൽപരം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കഴിയുന്നതും വേഗം അത് നടത്തണമെന്നാണ് ഗവൺമെൻറ് ആലോചിക്കുന്നത്. അതുതന്നെ സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് നീണ്ടുപോവുകയാണ്. ആ നിലയ്ക്ക് അതിനേക്കാൾ ചെലവുകൂടിയ പാലം നിർമ്മിക്കാനുള്ള പ്രൊപ്പോസൽ ഇല്ല. ഈ കോസ്വേയുടെ പുനർനിർമ്മാണത്തിനുള്ള നടപടികൾ നടന്നുവരികയാണ്.

(38) കൊച്ചി എണ്ണ ശുദ്ധീകരണശാലയിലെ തീപിടിത്തത്തെ തുടർന്നുള്ള നഷ്ടപരിഹാരം

ശ്രീ. ബെന്നി ബഹനാൻ : ഏകദേശം രണ്ടുവർഷം മുമ്പ് കൊച്ചി എണ്ണ ശുദ്ധീകരണശാലയിലുണ്ടായ പൊട്ടിത്തെറിമൂലം നഷ്ടം സംഭവിച്ച ആളുകൾക്ക് ഇതുവരെ നഷ്ടപരിഹാരം കിട്ടിയിട്ടില്ല. ഇൻഷ്വറൻസ് ഏജൻസികളും ഓയിൽ റിഫൈനറിയും കൂടിയാണ് നഷ്ടപരിഹാരം കൊടുക്കാമെന്ന് പറഞ്ഞിരുന്നത്. പക്ഷേ കൊടുത്തവർക്കുതന്നെ വളരെ കുറച്ച് തുക മാത്രമേ കൊടുത്തിട്ടുള്ളൂ. അതുകൊണ്ട് ഈ തുക കിട്ടാനുള്ള ആളുകൾക്കും, കുറച്ച് സംഖ്യ കിട്ടിയവർക്കും ഈ നഷ്ടപരിഹാര തുക പൂർണ്ണമായി കൊടുക്കണമെന്ന് ഗവൺമെൻറിനോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : കൊച്ചിൻ റിഫൈനറിയിലെ അപകടത്തെത്തുടർന്ന് നാലുപേരാണ് മരിച്ചത്. അതിൽ മൂന്നുപേർ അവിടത്തെ ജീവനക്കാരും ഒരാൾ പുറത്തുള്ള ആളുമാണ്. ജീവനക്കാർ കരാറുകാരന്റെ കൂലിക്കാരാണ്. അവിടെയുള്ള ജീവനക്കാരിൽ മൂന്നുപേർക്ക് പതിനായിരം രൂപാവീതം, ഇതിനകം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. കരാറുകാരന്റെ കീഴിൽ ജോലിചെയ്യുന്ന ആൾക്ക് 7,500 രൂപയും കൊടുത്തിട്ടുണ്ട്. ഒരു വീട് നഷ്ടപ്പെട്ടതിന് 750 രൂപയാണ് കൊടുത്തിട്ടുള്ളത്. മറ്റ് ഏതെങ്കിലും സംഖ്യ കൂടുതൽ കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് കൊച്ചിൻ റിഫൈനറിയിലെ ഭാരവാഹികളുമായി ബന്ധപ്പെടാം.

(39) കീരിത്തോടു ഗവൺമെൻറ് സ്കൂളിന് പുതിയ കെട്ടിടം

ശ്രീ. ജോസ് കുറ്റ്യാനി : ഇടുക്കി നിയോജകമണ്ഡലത്തിൽപ്പെട്ട കഞ്ഞിക്കുഴി പഞ്ചായത്തിൽ കീരിത്തോട് ഗവൺമെൻറ് സ്കൂൾ കഴിഞ്ഞ ജൂൺമാസം 26-ാം തീയതി ഉണ്ടായ പ്രകൃതിക്ഷോഭത്തിന്റെയും ഉരുൾപൊട്ടലിന്റെയും ഫലമായി വീണ് നിലംപതിച്ചിരിക്കുകയാണ്. തൻമൂലം ആ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന വിദ്യാർത്ഥികളുടെ പഠനം മുടങ്ങിയിരിക്കുകയാണ്. പ്രകൃതിക്ഷോഭത്തിന്റെ കെടുതിമൂലം വളരെയേറെ തിക്താനുഭവം നേരിടുന്ന ആ പ്രദേശത്തെ പാവപ്പെട്ട കൃഷിക്കാർക്ക് ആ സ്കൂൾ കെട്ടിടം പുതുതായി നിർമ്മിച്ചുകൊടുക്കാനുള്ള ശേഷിയില്ലാത്തതുകൊണ്ട് ആ സ്കൂൾ കെട്ടിടം ഏറ്റവും വേഗം നിർമ്മിച്ചുകൊണ്ട് ആവശ്യമായ അടിയന്തിര നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly